# പ്രവേശക കൂദാശകൾ

## (മാമ്മോദീസാ, തൈലാഭിഷേകം, വിശുദ്ധ കുർബാന)

**Knanaya Catholic Region, St. Thomas Syro-Malabar Catholic Diocese of Chicago**

*(For private use only)*

*(ദൈവാലയത്തിന്റെ പ്രധാന കവാടത്തിങ്കൽവച്ചാണ് കർമ്മങ്ങൾ ആരംഭിക്കുന്നത്. മുൻപു നടത്തിയ മാമ്മോദീസായിലെ തൈലം അവിടെ കരുതിയിരിക്കണം. വിശുദ്ധ മൂറോൻ, ജലം തിരി, തീപ്പെട്ടി, വെള്ളവസ്ത്രം, മുടി എന്നിവയും കരുതണം. ശിശുവിന്റെ മാമ്മോദീസാപേരു ചോദിച്ചറിയണം).*

### സ്നേഹത്തിന്റെ കല്പന (യോഹ. 13:34-35)

**കാർമ്മി:** അന്നാപെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽ ചേർന്നീടാം
ഒരുമയോടി ബലിയർപ്പിക്കാം.

**സമൂഹം:** അനുരഞ്ജിതരായ് തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### *(പകരം ഗാനം)*

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതി ഗീതം.

**സമൂഹം:** ഭൂമിയിലെങ്ങും മർത്യനു ശാന്തി
പ്രത്യാശയു മെന്നേക്കും.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** കർത്താവായ ദൈവമേ, അങ്ങയുടെ അനുഗ്രഹം പ്രതീക്ഷിച്ചുവന്നിരിക്കുന്ന ഈ ദാസനെ (ദാസിയെ) അങ്ങയുടെ അജഗണത്തിൽ ചേർക്കുകയും പ്രസാദവരത്താൽ പ്രകാശിപ്പിക്കുകയും ചെയ്യണമേ. ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിച്ച് പിതാവേ എന്ന് അങ്ങയെ വിളിക്കുവാൻ ഈ ശിശുവിനെ അർഹനാ(യാ)ക്കണമേ. ഈ കൂദാശ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### (സങ്കീർത്തനം 42)

**കാർമ്മി:** കാട്ടുരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ,
ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.
ജലത്താലും ആത്മാവിലും ജനിക്കുന്നില്ലെങ്കിൽ
ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല.

**സമൂ:** കാട്ടുരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ,
ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.

**കാർമ്മി:** ജീവന്റെ ദൈവത്തെ കാണുവാൻ
എന്റെ ആത്മാവു ദാഹിക്കുന്നു.

**സമൂ:** രാവും പകലും ഞാൻ കണ്ണീരു കുടിക്കുന്നു.
ഞാൻ എപ്പോൾ എന്റെ ദൈവത്തെ കാണും?

**കാർമ്മി:** എന്റെ ആത്മാവേ, നീഎന്തിന് ആകുലപ്പെടുന്നു?
നീ എന്തിനു വിഷാദിച്ചു കലങ്ങുന്നു?
നീ ദൈവത്തെ ആശ്രയിക്കുക.

**സമൂ:** രക്ഷകനായ ദൈവത്തെ ഞാൻ പ്രകീർത്തിക്കും
എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു.

**കാർമ്മി:** പകൽ ദൈവം തന്റെ അനുഗ്രഹം വർഷിക്കും.
രാത്രിയിൽ ഞാൻ അവിടുത്തെ സ്തുതിക്കും.
**സമൂ:** നീ ദൈവത്തിൽ അഭയം തേടുക.
രക്ഷകനായ ദൈവത്തെ ഞാൻ പ്രകീർത്തിക്കും.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** ജലത്താലും ആത്മാവിലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല.

**ശുശ്രൂ:** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

*(കാർമ്മികൻ ശിശുവിന്റെ ശിരസ്സിനു മുകളിൽ വലത്തു കൈ നീട്ടി).*

**കാർമ്മി:** ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും എന്നരുളിച്ചെയ്ത കർത്താവേ, നിന്റെ കരുണയേറിയ വാഗ്ദാനം ഈ ദാസനിൽ (ദാസിയിൽ) പൂർത്തിയാക്കണമേ. നിന്റെ ദാനം വിവേകികൾക്കും ബുദ്ധിമാന്മാർക്കും എന്നതിനേക്കാൾ ശിശുക്കൾക്കു നല്കിയിരിക്കുന്നുവല്ലോ. നിന്റെ കൃപയാൽ മാമ്മോദീസാ ജലത്തിലൂടെ പാപക്കറകൾ കഴുകി ഈ ശിശു പുതുജന്മം പ്രാപിക്കട്ടെ. നിന്റെ മൗതിക ശരീരത്തിലെ അവയവമായിത്തീരുന്ന ഈ ദാസൻ (ദാസി) കൂദാശകളുടെ സ്വീകരണംവഴി ആത്മീകവും ശാരീരികവുമായി വളരുവാൻ ഇടയാകട്ടെ. ഈ ദാനത്തെപ്രതി ഈ ദാസനോടൊത്ത് (ദാസിയോടൊത്ത്) ഞങ്ങൾ നിനക്കു നന്ദി പറയുന്നു. ഇപ്പോഴും എപ്പോഴും + എന്നേക്കും.

*(ശിശുവിനെ ആശീർവദിക്കുന്നു).*

**സമൂ:** ആമ്മേൻ.

**കാർമ്മി:** പിശാചിന്റെ അടിമത്തത്തിൽനിന്നു
മോചിതനാകാൻ (മോചിതയാകാൻ)
നീ ആഗ്രഹിക്കുന്നുവോ?

**ഉത്തരം:** ആഗ്രഹിക്കുന്നു.

**കാർമ്മി:** പാപവും പാപമാർഗങ്ങളും
നീ ഉപേക്ഷിക്കുന്നുവോ?

**ഉത്തരം:** ഉപേക്ഷിക്കുന്നു.

**കാർമ്മി:** ഈശോമിശിഹായെ നിന്റെ രക്ഷകനായി
സ്വീകരിക്കുന്നുവോ?

**ഉത്തരം:** സ്വീകരിക്കുന്നു.

**ഒന്നാമത്തെ ലേപനം**

*(മുൻപു നടത്തിയ മാമ്മോദീസയിലെ തൈലം ഉപയോഗിച്ച് ശിശുവിന്റെ നെറ്റിയിൽ തൈലം കൊണ്ട് കുരിശുവരയ്ക്കുമ്പോൾ ചൊല്ലുന്നു).*

**കാർമ്മി:** ഈ അഭിഷേക തൈലത്താൽ പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മവിന്റെയും നാമത്തിൽ (പേര്) മുദ്രിതനാ(യാ)യിരിക്കുന്നു.

**സമൂ:** ആമ്മേൻ.

(എല്ലാവരും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം തഴെക്കാണുന്ന സങ്കീർത്തനം ആലപിക്കുന്നു).

**(സങ്കീർത്തനം 84)**

സൈന്യങ്ങൾ തൻ കർത്താവേ
എത്ര വിശിഷ്ടം നിൻ ഗേഹം
നിൻ തിരുസന്നിധി ചേരാനായ്
ആത്മാവെന്നും കേഴുന്നു.

ജീവിപ്പവനാം ദൈവത്തിൻ
അപദാനാമൃത ഗാനങ്ങൾ
മാമക ചിത്തവും എൻ നാവും
മോദമൊടേവം പാടുന്നു.

സൈന്യങ്ങൽ തൻ രാജാവാം
ദൈവത്തിൽ ബലിപീഠത്തിൽ
കുരുകിൽ - മീവൽ പക്ഷികളും
സങ്കേതം കണ്ടെത്തുന്നു.

**ശുശ്രൂ:** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതു മായ / എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി / സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടിനില്ക്കുന്ന സഭയിൽ / ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സൃഷ്ടാവുമാകുന്നു / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.
*(മദ്ബഹയുടെ വിരിനീക്കുന്നു).*

**(ഉത്ഥാന ഗീതം)**

*(എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു)*

സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യന്ന നിത്യമഹോന്നതമാ
മുത്ഥാനം നീയരുളുന്ന
അക്ഷയമവനുടെ ആത്മാവി
ന്നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

*(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)*

**കാർമ്മി:** എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനും / ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു / സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായിപ്പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ
പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ
നിൻകൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന / പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം / എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും / ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ ജീവദായകവും ദൈവികവുമായ / കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും / ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന / സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും / നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും / അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ലേഖനം *(റോമാ 6:3-11).*

**വായിക്കുന്ന ആൾ:** സഹോദരരേ, വി. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം.

*(കാർമ്മികനുനേരെ തിരിഞ്ഞ്)* ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

*(ജനങ്ങൾക്കു നേരെ തിരിഞ്ഞു വായിക്കുന്നു. ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).*

**വായിക്കുന്ന ആൾ:** യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാന സ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനു ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതു പോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിനു സദൃശ്യമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനഃരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും. നാം ഇനി പാപത്തിന് അടിമപ്പേടാതിരിക്കത്തക്കവിധം പാപപൂർണ്ണമായ ശരീരത്തെ നശിപ്പിക്കാൻവേണ്ടി നമ്മിലെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ. എന്തെന്നാൽ, മരിച്ചവൻ പാപത്തിൽ നിന്നു മോചിതനായിരിക്കുന്നു. നാം ക്രിസ്തുവിനോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടി ജീവിക്കും എന്നു നാം വിശ്വസിക്കുന്നു. മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്ത ക്രിസ്തു ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല. അവൻ മരിച്ചു, പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലേ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും യേശുക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

നല്ലൊരാശയമെൻ മനതാരിൽ
വന്നു നിറഞ്ഞു തുളുമ്പീടുന്നു.

രാജാവിൻ തിരുമുമ്പിൽ കീർത്തന
മധുവായ് ഞാനതൊഴുക്കീടട്ടെ.

ഏറ്റമനുഗ്രഹ പൂരിതനാം കവി
തൻ തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവു
മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

**ശുശ്രൂ:** നമുക്കു ശ്രദ്ധാപൂർവ്വംനിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമ്മി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂ:** അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

**കാർമ്മി:** വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം. (3:13-17)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** യേശു യോഹന്നാനിൽനിന്നു സ്നാനം സ്വീകരിക്കുവാൻ ഗലീലിയിൽനിന്ന് ജോർദ്ദാനിൽ അവന്റെ അടുത്തേക്കു വന്നു. ഞാൻ നിന്നിൽനിന്നു സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ, നീ എന്റെ അടുത്തേക്കു വരുന്നുവോ എന്നു ചോദിച്ചുകൊണ്ട് യോഹന്നാൻ അവനെ തടഞ്ഞു. എന്നാൽ, യേശു പറഞ്ഞു: ഇപ്പോൾ ഇതു സമ്മതിക്കുക; അങ്ങനെ സർവ്വനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്. അവൻ സമ്മതിച്ചു. സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽനിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്നു കേട്ടു.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## *പ്രസംഗം*

## *കാറോസൂസ*

**ശുശ്രൂ:** മാമ്മോദീസവഴി ദൈവപുത്രനായി(പുത്രിയായി) ത്തീരുന്ന ഈ ശിശുവിനെ സമർപ്പിച്ചുകൊണ്ട് കർത്താവേ കൃപയുണ്ടാകണമേ എന്നപേക്ഷിക്കാം.

**സമൂ:** കർത്താവേ കൃപയുണ്ടാകണമേ.

**ശുശ്രൂ:** ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ലെന്ന് അരുളിച്ചെയ്ത കർത്താവേ, മാമ്മോദീസയിലൂടെ വീണ്ടും ജനിച്ച് ദൈവപുത്രനാ (പുത്രിയാ)കാനുള്ള വരം ഈ ശിശുവിനു നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ കൃപയുണ്ടാകണമേ.

**ശുശ്രൂ:** യോർദ്ദാൻ നദിയിൽ മാമ്മോദീസാ സ്വീകരിച്ച് വിനയത്തിന്റെ മാതൃക കാണിച്ചുതന്ന കർത്താവേ; ദൈവഹിതം നിറവേറ്റി ജീവിക്കുവാനുള്ള കൃപാവരം ഈ ദാസനു (ദാസിക്കു) നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ കൃപയുണ്ടാകണമേ.

**ശുശ്രൂ:** ഞങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും മഹത്ത്വത്തോടെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത കർത്താവേ, പാപത്തിനു മരിച്ച് നവജീവൻ പ്രാപിക്കുന്ന ഈ ശിശുവിനെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ കൃപയുണ്ടാകണമേ.

**ശുശ്രൂ:** പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരാനാഗ്രഹിച്ച് നിന്റെ പക്കലെത്തിയിരിക്കുന്ന ഈ ശിശുവിനെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ കൃപയുണ്ടാകണമേ.

ശുശ്രൂ: തിരുസഭയുടെ അംഗമാകുവാൻ വിളിക്കപ്പെട്ടിരിക്കുന്ന ഈ ശിശുവിനെ ആത്മീയവും ഭൗതികവുമായ എല്ലാ നന്മകളുംനല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ:** കർത്താവേ കൃപയുണ്ടാകണമേ.

**ശുശ്രൂ:** മാതാപിതാക്കൾക്ക് ആശാകേന്ദ്രവും കുടുംബത്തിനു പ്രകാശവും നാടിനു സേവനമാതൃകയും ആകുംവിധം ഈ ശിശുവിനെ വളർത്തുവാൻ വേണ്ട കൃപാവരം ഇവന്റെ (ഇവളുടെ) മാതാപിതാക്കൾക്കും ജ്ഞാനസ്നാന മാതാപിതാക്കൾക്കും നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ കൃപയുണ്ടാകണമേ.

**ശുശ്രൂ:** മിശിഹായുടെ സഭ മുഴുവന്റെയും തലവനായ മാർ *(പേര്)* പാപ്പായേയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ *(പേര്)* ശ്രേഷ്ഠ മെത്രാപ്പോലീത്തായേയും ഞങ്ങളുടെ പിതാക്കന്മാരായ മാർ *(പേര്)* മെത്രാന്മാരേയും അവരുടെ സഹശുശ്രൂഷികളെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ കൃപയുണ്ടാകണമേ.

**കാർമ്മി:** എല്ലാ ജനതകളേയും സുവിശേഷമറിയിച്ച് ശിഷ്യപ്പെടുത്തി മാമ്മോദീസാ നല്കുവാൻ കല്പിച്ച കർത്താവേ, നിന്റെ കല്പന അനുവർത്തിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുവാൻ നീ നിയോഗിച്ച സഭ ഞങ്ങളിലൂടെ ആ ദൗത്യം പൂർത്തിയാക്കട്ടെ. മനുഷ്യരെല്ലാവരും ഒരിടയന്റെ കീഴിൽ ഒരാലയത്തിൽ ഒന്നുചേരുന്ന നിന്റെ രക്ഷാകരദിനം വേഗം സംജാതമാകട്ടെ. ഞങ്ങൾ പരികർമ്മം ചെയ്യുന്ന ഈ വിശുദ്ധ കൂദാശ, പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ ഈ ശിശുവിന് നിത്യജീവനിലേക്കുള്ള കവാടമായി ഭവിക്കട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** കർത്താവേ, ആശീർവ്വദിക്കണമേ, സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്യുവിൻ.

**കാർമ്മി:** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നു ചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

### വിശ്വാസ പ്രഖ്യാപനം

**കാർമ്മി:** സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

*(സമൂഹവും ചേർന്നു തുടരുന്നു).* ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും / സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. / ദൈവത്തിന്റെ ഏകപുത്രനും / സകല സൃഷ്ടികൾക്കു മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽനിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏക കർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. / അവിടുന്ന് സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. / അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. / മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി / പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് / മനുഷ്യനായിപ്പിറന്നു. / പന്തിയോസ് പീലാത്തോസിന്റെ കാലത്തു / പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരിക്കുന്നതുപോലെ / മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. / അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. / മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. / പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. / ഏകവും പരിശുദ്ധവും / ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. / പാപമോചനത്തിനുള്ള ഏക മാമ്മോദീസയും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

*(എല്ലാവരും പ്രദക്ഷിണമായി മാമ്മോദീസാത്തൊട്ടിയുടെ അടുത്തേക്കു പോകുന്നു. തത്സമയം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു).*

### ഗീതം

വാഴ്ത്തിപ്പാടാം കർത്താവിൻ
പാവനമാകും തിരുനാമം
സീമാതീത മഹത്ത്വം നാം
സാദരമെന്നും കീർത്തിക്കാം.

പാതയൊരുക്കാനാഗതനാം
യോഹന്നാനിൽ നിന്നീശോ
യോർദ്ദാൻ നദിയിൽ വിനയമോടെ
മാമ്മോദീസാ കൈക്കൊണ്ടു.

ജ്ഞാന സ്നാന ജലത്താലേ
നിർമ്മലരാക്കുക ഞങ്ങളെ നീ
നിത്യം ദൈവിക തിരുനാമം
മഹിമയണിഞ്ഞു വിളങ്ങട്ടെ.

**ശുശ്രൂ:** സഹോദരരേ, ദൈവികജീവൻ നല്കുന്ന പരിശുദ്ധ മാമ്മോദീസയുടെ പരികർമ്മത്തിനൊരുക്കമായി കാർമ്മികൻ തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു.

നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടി നിന്നു മൗനമായി പ്രാർത്ഥിക്കാം.

**കാർമ്മി:** നഷ്ടപ്പെട്ടു പോയവരെ അന്വേഷിച്ചു കണ്ടെത്തുകയും ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന കർത്താവേ, നിന്റെ സഭയിൽ പുരോഹിത ശുശ്രൂഷ ചെയ്യുവാൻ വിനീതനായ ഈ ദാസനെ തെരഞ്ഞെടുത്തുവല്ലോ. സകല നീതിയും പൂർത്തിയാക്കുവാൻ വേണ്ടി യോർദ്ദാനിൽവച്ചു യോഹന്നാനിൽനിന്നു മാമ്മോദീസാ സ്വീകരിക്കുകയും മാമ്മോദീസ നല്കുവാൻ ശ്ലീഹന്മാരെ നിയോഗിക്കുകയുംചെയ്ത കർത്താവേ, ഈ കൂദാശ യഥാവിധി പരികർമ്മം ചെയ്യുവാൻ എന്നെ യോഗ്യനാക്കേണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

### തൈലത്തിന്റെയും വെള്ളത്തിന്റെയും വെഞ്ചരിപ്പ്

**കാർമ്മി:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും. *(തൈലവും വെള്ളവും ആശിർവദിക്കുന്നു).*

**സമൂ:** ആമ്മേൻ.

### തൈലം വെഞ്ചരിപ്പ്

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന് ഈ തൈലത്തിൽ ആവസിച്ച് ഇതിനെ ആശിർവദിക്കുമാറാകട്ടെ. മിശിഹായുടെ പീഡാനുഭവത്തിന്റെയും ഉയിർപ്പിന്റെയും പ്രതീകമായ മാമ്മോദീസായുടെ പരികർമ്മത്തിനായി ആരാധ്യമായ ത്രിത്വത്തിന്റെ നാമത്തിൽ ഈ തൈലം + പവിത്രീകരിക്കപ്പെടട്ടെ. ഈ തൈലം ഞങ്ങൾക്ക് ജീവന്റെ അടയാളമായിത്തീരട്ടെ. അങ്ങയുടെ പുത്രനും ഞങ്ങളുടെ രക്ഷകനുമായ ഈശോ മിശിഹായുടെ പൂർത്തീകരിക്കപ്പെടുന്ന മമ്മോദീസാവഴി ഞങ്ങൾക്കു പരിപൂർണ്ണമായ വിശുദ്ധിയും സ്വർഗഭാഗ്യവും അവിടുത്തെ പൗരോഹിത്യത്തിൽ പങ്കാളിത്തവും ലഭിക്കുമാറാകട്ടെ. ഞങ്ങൾ അങ്ങേക്കും അങ്ങയുടെ പ്രിയപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും പുകഴ്ചയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. *(തൈലം ആശീർ ദിച്ചുകോണ്ട്)* ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂ:** ആമ്മേൻ.

*(വി. മൂറോനിൽ തള്ളവിരൽ മുക്കി താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് തൈലത്തിൽ കുരിശടയാളം വരയ്ക്കുന്നു).*

**കാർമ്മി:** പാപമോചകമായ മാമ്മോദീസയിൽ അമർത്യതയുടെ അടയാളമാകുവാൻ ഈ തൈലം വിശുദ്ധ മൂറോനുമായി മുദ്രിതമാവുകയും വിശുദ്ധീകരിക്കപ്പെടുകയും പരസ്പരം കലർത്തപ്പെടുകയും ചെയ്തിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

### വെള്ളം വെഞ്ചരിപ്പ്

**കാർമ്മി:** കർത്താവായ ദൈവമേ, യോർദാനിൽവച്ച് മാമ്മോദിസ സ്വീകരിച്ചപ്പോൾ ഈശോയുടെമേൽ ഇറങ്ങി വസിച്ചവനും മനുഷ്യപ്രകൃതിയെ നവീകരിക്കുന്നവനുമായ പരിശുദ്ധാത്മാവ് ഈ ജലത്തിൽ ഇറങ്ങി വസിക്കട്ടെ. അവിടുന്ന് ആവസിക്കുന്ന ഈ ജലത്തിൽ സ്നാനപ്പെടുന്നവർക്ക് രക്ഷ ലഭിക്കുമാറാകട്ടെ. ശരീരത്തിലും ആത്മാവിലും പവിത്രീകരിക്കപ്പെട്ട് അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരാവുകയും ചെയ്യട്ടെ. *(വെള്ളത്തിനു മീതെ കുരിശടയാളം വരച്ചുകോണ്ട്)* ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂ:** ആമ്മേൻ.

*(വി. മൂറോനിൽ വിരൽ മുക്കി ജലത്തിൽ കുരിശടയാളം വരച്ചുകോണ്ട്).*

**കാർമ്മി:** മാമ്മോദീസയിലൂടെ പാപമോചനം നല്കി, ആത്മീയ ജന്മം നല്കുന്ന ഒരു പുതിയ ഉദരമായിത്തീരാൻ, ഈ ജലം പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിക്കപ്പെടുകയും വിശുദ്ധ തൈലത്തോടു കലർത്തപ്പെടുകയും ചെയ്തിരിക്കുന്നു.

**സമൂ:** ആമ്മേൻ.

### ലേപനം

*(തള്ളവിരൽകോണ്ട് ശിശുവിന്റെ നെഞ്ചിൽ തൈലം പൂശുന്നു).*

കാർമ്മി: പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ (പേര്) വിശുദ്ധ തൈലംകൊണ്ട് ലേപനം ചെയ്യപ്പെടുന്നു.

സമൂ: ആമ്മേൻ.

### സ്നാപനം

*(ശിശുവിന്റെ ശിരസ്സിൽ കുരിശടയാളത്തിൽ മൂന്ന പ്രാവശ്യം വെള്ളമൊഴിച്ച കൊണ്ട്).*

**കാർമ്മി:** പിതാവിന്റെയും +

**സമൂ:** ആമ്മേൻ.

**കാർമ്മി:** പുത്രന്റെയും +

**സമൂ:** ആമ്മേൻ.

**കാർമ്മി:** പരിശുദ്ധാത്മാവിന്റെയും നാമത്തിൽ + (പേര്) മാമ്മോദീസാ മുക്കപ്പെടുന്നു.

**സമൂ:** ആമ്മേൻ.

### വെള്ളവസ്ത്രം ധരിപ്പിക്കുന്നു

**കാർമ്മി:** നമ്മുടെ കർത്താവീശോമിശിഹാ വിശുദ്ധിയുടെ വസ്ത്രത്താൽ നിന്നെ അലങ്കരിക്കുകയും നിഷ്കളങ്കമായി ജീവിക്കുവാൻ നിന്നെ സഹായിക്കുകയും ചെയ്യട്ടെ.

**സമൂ:** ആമ്മേൻ.

### തിരി നല്കുന്നു

**കാർമ്മി:** ലോകത്തിന്റെ പ്രകാശമായ മിശിഹാ നിനക്കു മാർഗ്ഗദീപമായി രിക്കട്ടെ.

**സമൂ:** ആമ്മേൻ.

### തൈലാഭിഷേകത്തിന് ഒരുക്കമായ കാറോസൂസാ

**ശുശ്രൂ:** മാമ്മോദീസായിലൂടെ ദൈവമകനാ(ളാ)യിത്തീർന്ന് പരിശുദ്ധാത്മാവിന്റെ വരങ്ങൾക്കായി കാത്തിരിക്കുന്ന ഈ ദാസനു (ദാസിക്കു) വേണ്ടി കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** സെഹിയോൻ ശാലയിൽ പ്രാർത്ഥനാനിരതരായിരുന്ന ശിഷ്യരിലെന്ന പോലെ ഈ ദാസന് (ദാസിക്ക്) അങ്ങയുടെ പരിശുദ്ധാത്മാവിനെ നല്കണമെന്ന് ഞങ്ങളപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** അങ്ങയുടെ ചൈതന്യത്താൽ നിറഞ്ഞ് വിശുദ്ധജീവിതം നയിക്കുവാനും എല്ലാസാഹചര്യങ്ങളിലും വിശ്വാസത്തിലുറച്ചുനിന്ന് അങ്ങയെ മഹത്വപ്പെടുത്തുവാനും ഇവനെ (ഇവളെ) ശക്തനാ(യാ)ക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** ക്രൈസ്തവവിശ്വാസത്തിൽ ഇവനെ (ഇവളെ) വളർത്തുന്ന മാതാപിതാക്കളേയും ഗുരുജനങ്ങളെയും ഉപകാരികളെയും അങ്ങയുടെ അനുഗ്രഹിയാൽ പൂരിതരാക്കണമെന്ന് ഞങ്ങളപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാതാവിനും സമർപ്പിക്കാം.

**സമൂ:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** കർത്താവേ ബലവാനായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു. അങ്ങയുടെ ആത്മാവിനാൽ ഇവനെ (ഇവളെ) നിറയ്ക്കണമേ. ക്രിസ്തീയ ജീവിത പൂർണ്ണതയിലേക്ക് ഇവൻ (ഇവൾ) വളരുമാറാകട്ടെ. ഐശ്വര്യകാലത്ത് അങ്ങയെ വിസ്മരിക്കാതിരിക്കുവാനും ക്ലേശങ്ങളിൽ അങ്ങയിൽ ആശ്രയം വയ്ക്കുവാനും ഇവൻ (ഇവൾ) ശക്തനാ(യാ)കട്ടെ. ലോകത്തിൽ അങ്ങയുടെ സജീവസാക്ഷിയായി ജീവിച്ച് മരണശേഷം നിത്യസൗഭാഗ്യമനുഭവിക്കുവാൻ ഇവനെ (ഇവളെ) അനുഗ്രഹിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

*(കാർമ്മികൻ ചോദിക്കുന്നു).*

**കാർമ്മി:** പരിശുദ്ധാത്മാവിനാൽ പൂരിതനാ(യാ)യി വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ട്, മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ നീ ആഗ്രഹിക്കുന്നുവോ?

**ഉത്തരം:** ഞാൻ ആഗ്രഹിക്കുന്നു.

**കാർമ്മി:** ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

### ഗാനം

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്ന ഭൂമിയിൽ
നിർഗളിക്കും പ്രകാശമേ - സ്വർഗ്ഗ...
അന്ധകാരവിരിപ്പു മാറ്റിടും
ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശ വീശുന്ന
മോഹന ദിവ്യഗാനമേ.

**ശുശ്രൂ:** പ്രിയ സഹോദരരേ, പരിശുദ്ധാത്മാവിന്റെ കൃപാവര പൂർണ്ണതയാൽ കാർമ്മികൻ ഈ ദാസനെ (ദാസിയെ) മുദ്രിതനാ(യാ)ക്കൻ തുടങ്ങുന്നു. അതിനൊരുക്കമായി അദ്ദേഹം തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുന്നു. നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടി മൗനമായി പ്രാർഥിക്കാം.

**കാർമ്മി:** കർത്താവേ ശക്തനായ ദൈവമേ, ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ അയച്ച് ശക്തിപ്പേടുത്തിയ അങ്ങയുടെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും കൈവയ്പുവഴി പരിശുദ്ധാത്മാവിന്റെ ദാനം ഇന്നും സഭയിൽ വർഷിച്ചുകൊണ്ടിരിക്കുന്ന അങ്ങ്, ഈ ദിവ്യദാനം അങ്ങയുടെ ദാസന് (ദാസിക്ക്) നല്കുന്നതിന് എളിയവനായ എന്നെയും യോഗ്യനാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**കൈവയ്പു പ്രാർത്ഥന**

*(കാർമ്മികൻ ഇരുകരങ്ങളും നീട്ടി അർത്ഥിയുടെ മേൽ കമഴ്ത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു).*

**കാർമ്മി:** മാമ്മോദീസയിലൂടെ പുതുജന്മവും മിശിഹായുടെ മൗതിക ശരീരത്തിൽ അംഗത്വവും നിത്യജീവിതത്തിനുള്ള അവകാശവും ഞങ്ങൾക്കു നല്കിയ പിതാവായ ദൈവമേ, വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ ഈ ദാസനെ (ദാസിയെ) മുദ്രിത(യാ)ക്കണമേ. ആബാ, പിതാവേ എന്ന് അങ്ങയെ വിളിക്കുവാൻ പുത്രസ്വീകാരത്തിന്റെ ആത്മാവിനെ ഈ ദാസനു (ദാസിക്കു) നല്കണമേ. കൈവയ്പു ശുശ്രൂഷ വഴി ദിവ്യാത്മാവിനാൽ നിറഞ്ഞ് സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന ധീരപടയാളിയും സഭയുടെ വിശ്വസ്തദാസനു (ദാസിയുമായി) ജീവിക്കുവാൻ ഇവനെ (ഇവളെ) ശക്തനാ(യാ)ക്കണമേ. അങ്ങനെ ആത്മാവിന്റെ ഫലങ്ങളായ സ്നേഹവും ആനന്ദവും, സമാധാനവും ക്ഷമയും, ദയയും നന്മയും, വിശ്വസ്ഥതയും സൗമ്യതയും, ആത്മസംയമനവും ഇവനിൽ (ഇവളിൽ) നിറയട്ടെ. അങ്ങയുടെ അനുഗ്രഹത്താൽ നിർമ്മലമായ ജീവിതം നയിക്കുവാൻ ഈ ദാസന് (ദാസിക്ക്) ഇടയാകട്ടെ. ഞങ്ങൾ അങ്ങേക്കും അങ്ങയുടെ പ്രിയപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും പുകഴ്ചയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും + എന്നേക്കും. (കാർമ്മികൻ അർത്ഥിയെ ആശിർവദിക്കുന്നു).

**സമൂ:** ആമ്മേൻ.

**ലേപനം**

*(കാർമ്മികൻ തള്ളവിരൽ മൂറോനിൽ മുക്കിയ ശേഷം അർഥിയുടെ നെറ്റിയിൽ കുരിശു വരയ്ക്കുന്നു).*

**കാർമ്മി:** മാമ്മോദീസാ സ്വീകരിച്ച (പേര്) പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പൂർണ്ണനാ(യാ)ക്കപ്പെടുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

**കാർമ്മി:** കർത്താവായ ദൈവമേ, ഈ ദാസൻ (ദാസി) സ്വീകരിച്ച ജീവദായകമായ അടയാളവും പരിശുദ്ധാത്മാവിന്റെ കൃപാവരപൂർണ്ണതയും ഇവൻ (ഇവൾ) ആരംഭിച്ചിരിക്കുന്ന നവജീവിതവും ധരിച്ചിരിക്കുന്ന നീതിയുടെ കവചവും ശത്രുവിന്റെ എല്ലാ ഉപദ്രവങ്ങളിൽനിന്ന് ഈ ദാസനെ (ദാസിയെ) സംരക്ഷിക്കട്ടെ. മിശിഹായുടെ ദിവ്യപരിമളം ജീവിതത്തിലുടനീളം പ്രസരിപ്പിക്കുവാൻ ഇവന് (ഇവൾക്ക്) ഇടയാവു കയും ചിയ്യട്ടെ.

**സമൂ:** ആമ്മേൻ.

**മുടിയണിയിക്കൽ**

**കാർമ്മി:** ആത്മീയദാനത്തിന്റെയും നിത്യസൗഭാഗ്യത്തിന്റെയും അടയാളമായി *(പേര്)* പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജീവന്റെ കിരീടം അണിയിക്കപ്പെടുന്നു.

(കാർമ്മികൻ അർഥിയെ മുടിയണിയിക്കുന്നു).

**സമൂ:** ആമ്മേൻ.

*(എല്ലാവരും പ്രദക്ഷിണമായി മദ്ബഹായുടെ കവാടത്തിലേക്കു പോകുന്നു. പ്രദക്ഷിണസമയത്ത് ഗീതം ആലപിക്കുന്നു).*

**ഗീതം**

യോർദ്ദാൻ നദിയിൽ ദൈവസുതൻ
മാമ്മോദീസ മുങ്ങുമ്പോൾ
വിണ്ണിൻ വാതിൽ തുറക്കുന്നു
വാഴ്ത്തിപ്പാടാം തിരുനാമം.

ദൈവത്തിൻ പ്രിയപുത്രനിതാ
സംപ്രീതൻ ഞാനീസുതനിൽ
പാവനനാദം മുഖരിതമായ്
വാഴ്ത്തിപ്പാടാം തിരുനാമം.

പുതുജന്മത്തിൻ ജീവജലം
ആത്മവിശുദ്ധി പകർന്നരുളും
മേഘപഥത്തിൽ വെൺപ്രാവായ്
പാവനരൂപനിറങ്ങുന്നു.

*(കുർബാനയുണ്ടെങ്കിൽ കാഴ്ചവയ്പിന്റെ ഗാനത്തോടെ കുർബാന തുടരുന്നു).*

*(ദിവ്യകാരുണ്യ സ്വീകരണ സമയത്തി ശിശുവിനു വിശുദ്ധ കുർബാന നല്കുന്നു).*

## സമാപന പ്രാർത്ഥനകൾ

**കാർമ്മി:** കർത്താവായ ദൈവമേ, പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോയുടെ തിരുരക്തത്താൽ ഈ ശിശുവിനെ അങ്ങ് കഴുകി വിശുദ്ധീകരിച്ചുവല്ലോ. പരിശുദ്ധാത്മാവിനെ നല്കുമെന്ന ഞങ്ങളുടെ കർത്താവീശോമിശിഹായുടെ വാഗ്ദാനം ഈ ദാസനിൽ (ദാസിയിൽ) നിറവേറ്റുന്നതിനു ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ ഈ മകനെ (മകളെ) മിശിഹായുടെ കൂട്ടവകാശിയും പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സമ്പന്നനു(യു)മാക്കിയതിനു ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈ ദാസൻ (ദാസി) സത്യത്തിലും ആത്മാവിലും അങ്ങയെ മഹത്വപ്പെടുത്തുവാൻ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂ:** ആമ്മേൻ, കർത്താവേ, ആശീർവദിക്കണമേ.

**കാർമ്മി:** പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും ഞങ്ങളുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെയും വേദസാക്ഷികളുടെയും സകല വിശുദ്ധരുടെയും ഞങ്ങളുടെ സഭയിലെ വാഴ്ത്തപ്പെട്ടവരുടെയും ഇടവക മധ്യസ്ഥനായ (മധ്യസ്ഥയായ) .... യും പ്രാർത്ഥന ഈ ശിശുവിനെ സഹായിക്കുമാറാകട്ടെ. ഈ ശിശുവിന്റെ നാമത്തിന് കാരണഭൂതനാ(യാ)യ വിശുദ്ധന്റെ (വിശുദ്ധയുടെ) ജീവിതമാതൃക ഇവന് (ഇവൾക്ക്) വഴികാട്ടിയായിരിക്കുകയും ചെയ്യട്ടെ.

**സമൂ:** ആമ്മേൻ.

### സമാപനാശീർവാദം

**കാർമ്മി:** മാമ്മോദീസയിലൂടെ ദൈവമക്കളുടെ പദവിയിലേക്ക് നമ്മെ ഉയർത്തിയ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തിരുസഭയുടെ വിശ്വസ്ത പുത്രനായി (പുത്രിയായി) ജീവിക്കുവാൻ അവിടുന്ന് നിന്നെ സഹായിക്കട്ടെ. പരിശുദ്ധാത്മാവിനെ സ്വീകരിച്ച നീ എന്നും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന ധീര പ്രേഷിതനാ(യാ)യിത്തീരട്ടെ. കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും ഹൃദയം ആസ്വദിച്ചിട്ടില്ലാത്തുമായ സ്വർഗഭാഗ്യത്തിന് അവകാശി(നി)യായിത്തീരുന്നതുവരെ ആപത്തുകളിൽ തുണയും സങ്കടങ്ങളിൽ ആശ്വാസവും പരീക്ഷകളിൽ ബലവും നല്കി അവിടുന്നു നിന്നെ സംരക്ഷിക്കട്ടെ. മാതാപിതാക്കൾക്ക് ആശാകേന്ദ്രവും കുടുംബത്തിനു പ്രകാശവും നാടിനു സേവനമാതൃകയുമായിത്തീരുവാൻ ദൈവം നിന്നെ യോഗ്യനാ(യാ)ക്കട്ടെ. ഈ തിരുക്കർമ്മങ്ങളിൽ പങ്കുകോണ്ട എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂ:** ആമ്മേൻ.

(കാർമ്മികൻ എല്ലാവരെയും ആശീർവ്വദിക്കുന്നു).

### വിടവാങ്ങൽ ശുശ്രൂഷ പ്രാർത്ഥന

**കാർമ്മി:** വിശുദ്ധീകരണത്തിന്റെ ബലിപീഠമെ സ്വസ്തി. ഞങ്ങളുടെ കർത്താവിന്റെ കബറിടമെ സ്വസ്തി. നിന്നിൽ നിന്നു ഞാൻ സ്വീകരിച്ച കുർബ്ബാന / കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനി ഒരു ബലി അർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

*(മദ്ബഹാ വിരിയിട്ടു മറയ്ക്കുന്നു).*

## നിത്യസഹായ മാതേ (ഗാനം)

നിത്യസഹായമാതേ,
പ്രാർത്ഥിക്കാ ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ,
പ്രാർത്ഥിക്ക സ്നേഹനാഥേ.

നീറുന്ന മാനസങ്ങൾ,
ആയിര-മായിരങ്ങൾ
കണ്ണീരിൻ താഴ്‌വരയിൽ,
നിന്നിതാ കേഴുന്നമ്മേ.

കേൾക്കണേ രോദനങ്ങൾ,
നല്കണേ നൽവരങ്ങൾ
നിൻ ദിവ്യ സൂനവിങ്കൽ,
ചേർക്കണേ മക്കളേ നീ.

-oOo-